(എ) പേരാംപ്ര നിയോജകമണ്ഡലത്തിലെ പേരാംപ്ര പഞ്ചായത്ത് 3-ാം വാർഡിലെ വേവൂർ-മാക്കൂട്ടം കോളനി നിവാസികൾ കിണറും ടാങ്കും പണിയുന്നതിന് സൗജന്യമായി സ്ഥലം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേവൂർ-മാക്കൂട്ടം കോളനി നിവാസികൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാൻ എൻ.സി.പി.സി. സ്കീമിൽ ഉൾപ്പെടുത്തി 11.50 ലക്ഷം രൂപ ചെലവ് കണക്കാക്കി ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നു. ആ നേരിക്കുന്ന് ശുദ്ധജല വിതരണ പദ്ധതിയുടെ ഉറവിടമായ കിണറിൽ നിന്നും പമ്പു ചെയ്യുവാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഈ പദ്ധതിയിൽ ജലം അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ മതിപ്പു ചെലവിൽ ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഒരു കിണറും ജലസംഭരണിയും നിർമ്മിച്ച്, വെള്ളം വിതരണം ചെയ്യുന്ന പദ്ധതിയാണിത്. പദ്ധതിക്കാവശ്യമായ കിണറും സംഭരണിയും നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം കോളനി നിവാസികളിൽ നിന്ന് ലഭ്യമാക്കേണ്ടതുണ്ട്.

ജപ്പാൻ സഹായത്തോടെയുള്ള ശുദ്ധജല പദ്ധതികളുടെ പ്രയോജനം

31 (1183) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടെയുള്ള ശുദ്ധജല പദ്ധതികളുടെ പ്രയോജനം എത്രപേർക്ക് ലഭിക്കുമായിരുന്നു ;

(ബി) ഇതിനകം ഈ പദ്ധതികൾക്ക് വേണ്ടി എന്തു തുക ചെലവായി ;

(സി) ജപ്പാൻ സഹായത്തോടുകൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് ജപ്പാൻ നൽകാമെന്നേറ്റിരുന്ന തുക കേന്ദ്രഗവൺമെന്റിന് കൈമാറിയോ ; എങ്കിൽ എന്ന് ;

(ഡി) ഇപ്പോൾ ഈ പദ്ധതികൾ സംബന്ധിച്ച പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉദ്ദേശം 40 ലക്ഷം പേർക്ക്.

(ബി) ഈ പദ്ധതികൾക്ക് വേണ്ടി 31-12-2000 വരെ 20.38 കോടി രൂപ ഭൂമിയേറ്റെടുക്കുന്നതിലേയ്ക്കായി ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതികളുടെ കൺസൾട്ടന്റിന്റെ നിയമനം നടക്കാത്തതിനാൽ വായ്പ ലഭിച്ചു തുടങ്ങിയിട്ടില്ല.

(ഡി) പദ്ധതികളുടെ കൺസൾട്ടന്റിന്റെ നിയമനം പൂർത്തീകരിക്കാത്തതിനാലാണ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കാത്തത്.

കാസ്റ്റ് അയൺ പൈപ്പ് വാങ്ങുന്നതിനുള്ള ക്വട്ടേഷൻ

32 (1184) ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വാട്ടർ അതോറിറ്റിക്കുവേണ്ടി കാസ്റ്റ് അയൺ പൈപ്പ് വാങ്ങുന്നതിനുള്ള ക്വട്ടേഷൻ 1999-ൽ ക്ഷണിച്ചിരുന്നുവോ ;

(ബി) അതനുസരിച്ച് ആരെല്ലാം ക്വട്ടേഷൻ നല്കി ;

(സി) ഓരോരുത്തരും ക്വാട്ടുചെയ്ത റേറ്റും കടത്തുകൂലിയും എത്ര വീതമാണ് ;

(ഡി) ഈ ടെൻഡറിൽ പങ്കെടുക്കാൻ കഴിയാതിരുന്ന കാളഹസ്തി കാസ്റ്റിംഗ്സ് ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി നൽകിയിരുന്നുവോ ;

(ഇ) എങ്കിൽ പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ;

(എഫ്) 1999-ൽ ക്ഷണിച്ച ക്വട്ടേഷൻ ഉറപ്പാക്കുന്നിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആരിൽ നിന്ന് ; അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) ഇലക്ട്രോ സ്റ്റീൽ കാസ്റ്റിംഗ്സ്, ചെന്നൈ, ഇൻഡ്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി, ചെന്നൈ കേശോറാം സ്പൺ പൈപ്പ്സ് ആന്റ് ഫൗണ്ടറീസ് കൽക്കട്ട, കലിംഗ അയൺ വർക്സ്, ഒറീസ്സ, കപിലാൻഷ് ദത്ത് ഉദ്യോഗ്-നാഗ്പൂർ എന്നീ കമ്പനികൾ ടെൻഡർ നൽകി.

(സി) വിവിധ കമ്പനികൾ ക്വാട്ടുചെയ്ത മൊത്തം റേറ്റും കടത്ത് കൂലിയും അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ഡി) നൽകിയിരുന്നു.

(ഇ) പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ താഴെ കൊടുക്കുന്നു :-

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly